സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ഒക്ടോബർ 09 തിങ്കൾ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ



### ഓൾ ഇന്ത്യ മേയേഴ്സ് കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട

# മേയർ ഡോ. ബീന എം ഫിലിപ്പിന് സ്നേഹാദരവ്



**ഉദ്ഘാടനം**
**പി എ മുഹമ്മദ് റിയാസ്**
(പൊതുമരാമത്ത്, ടൂറിസം മന്ത്രി)



**പ്രശസ്തി പത്ര സമർപ്പണം**
**അഹമ്മദ് ദേവർകോവിൽ**
(തുറമുഖ വകുപ്പ് മന്ത്രി)



**പൊന്നാട അണിയിക്കൽ**
**എം.കെ രാഘവൻ**
(എം പി )

കോഴിക്കോട്: ആൾ ഇന്ത്യ മേയേഴ്സ് കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട മേയർ ഡോ എം ബീന ഫിലിപ്പിന് കോഴിക്കോട് ആതിഥേയ സംഘത്തിന്റെ സ്നേഹാരവ് നൽകുന്നു. ഇന്ന് വൈകിട്ട് 5.15 ന് കല്ലായ് റോഡ് വുഡീസിൽ നടക്കുന്ന ചടങ്ങിൽ പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനവും മെമെന്റോ സമർപ്പണവും നിർവ്വഹിക്കും. സ്വാഗത സംഘം ചെയർമാൻ പി വി ഗംഗാധരൻ അധ്യക്ഷത വഹിക്കും. പ്രശസ്തി പത്രം തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർ കോവിൽ സമ്മാനിക്കും. എം കെ രാഘവൻ എം പി പൊന്നാട അണിയിക്കും. എം എൽ എ മാരായ തോട്ടത്തിൽ രവീന്ദ്രൻ, കാനത്തിൽ ജമീല,ഡെപ്യൂട്ടി മേയർ മുസാഫിർ അഹമ്മദ്, കൈതപ്രം ദാമോദരൻ നമ്പൂതിരി എന്നിവർ വിശിഷ്ഠാതിഥികളാകും.കോ ഓർഡിനേറ്റർ എം വി റംസി ഇസ്മയിൽ പരിചയപ്പെടുത്തും.സ്വാഗതസംഘം ജനറൽ കൺവീനർ ആർ ജയന്ത് കുമാർ സ്വാഗതവും ട്രഷറർ സുബൈർ കൊളക്കാടൻ നന്ദിയും പറയും. നഗരത്തിലെ 52 സന്നദ്ധ സംഘടനകൾ മേയർക്ക് പൊന്നാട ചാർത്തും.

## ഇസ്രയേലിൽ കൊല്ലപ്പെട്ടവരിൽ 10 നേപ്പാളി വിദ്യാർത്ഥികളും ; 17 പേർ ഹമാസ് തടങ്കലിൽ

ടെൽ അവീവ്: ഇസ്രയേലിലേക്ക് ഹമാസ് നടത്തിയ റോക്കറ്റ് ആക്രമണത്തിൽ 10 നേപ്പാളി വിദ്യാർത്ഥികളും കൊല്ലപ്പെട്ടു. ഇസ്രയേലിലെ നേപ്പാൾ എംബസിയാണ് ഇക്കാര്യം സ്ഥിരീകരിച്ചത്.

ഏഴുപേർക്ക് പരിക്കേറ്റു. ഇസ്രയേലിലൊട്ടാകെയായി 17 നേപ്പാളികളെ ഹമാസ് ബന്ദികളാക്കിയതായും ഇസ്രയേലിലെ നേപ്പാൾ അംബാസഡർ വ്യക്തമാക്കി.

ഹമാസിന്റെ ബോംബാക്രമണത്തിൽ നാലു അമേരിക്കൻ പൗരന്മാരും കൊല്ലപ്പെട്ടിരുന്നു. ഇസ്രയേലിൽ ഗാസയോടു ചേർന്നുള്ള പ്രദേശത്തു വെച്ചാണ് ഇവർ കൊല്ലപ്പെട്ടത്. ഹമാസ് ആക്രമണത്തിൽ ഒരു മലയാളി യുവതിക്ക് പരിക്കേറ്റിരുന്നു. കണ്ണൂർ സ്വദേശിനി ഷീജ ആനന്ദിന്റെ കാലിനും കൈക്കുമാണ് പരിക്കേറ്റത്. വടക്കൻ ഇസ്രയേലിലെ അഷ്കിലോണിൽ കെയർ ടേക്കറായി ജോലി ചെയ്യുകയാണ് ഷീജ.

പശ്ചിമേഷ്യയിൽ ഇസ്രയേൽ–ഹമാസ് യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ, മേഖലയിൽ കുടുങ്ങിയ ഇന്ത്യക്കാരെ ഒഴിപ്പിക്കുന്നതു സംബന്ധിച്ച ചർച്ച കേന്ദ്രസർക്കാർ സജീവമാക്കി. ഇതുമായി ബന്ധപ്പെട്ട് കാബിനറ്റ് സെക്രട്ടറി കൂടിയാലോചനകൾ നടത്തി. ഗൾഫ് രാജ്യങ്ങളുമായും ഇന്ത്യ സംസാരിക്കും. മേഖലയിലെ സ്ഥിതിഗതികൾ നിരീക്ഷിച്ചു വരികയാണെന്ന് സർക്കാർ സൂചിപ്പിച്ചു.

## വീടിനുള്ളിൽ ഭാര്യയെയും ഭർത്താവിനെയും മരിച്ച നിലയിൽ കണ്ടെത്തി

പാലക്കാട്: വീടിനുള്ളിൽ ഭാര്യയെയും ഭർത്താവിനെയും മരിച്ച നിലയിൽ കണ്ടെത്തി. പാലക്കാട് പട്ടാമ്പി മുളയങ്കാവ് താഴത്തെ പുരയ്ക്കൽ ഷാജി (45), ഭാര്യ സുചിത്ര (35) എന്നിവരാണ് മരിച്ചത്. മൃതദേഹങ്ങൾക്ക് മൂന്നു ദിവസത്തെ പഴക്കമുണ്ട്.

ഞായറാഴ്ച വൈകിട്ടോടെ ദുർഗന്ധം വരാൻ തുടങ്ങിയതോടെ പ്രദേശവാസികൾ എത്തി വീട് പരിശോധിച്ചപ്പോഴാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. ഷാജിയെ തൂങ്ങി മരിച്ച നിലയിലും സുചിത്രയെ തറയിൽ മരിച്ചു കിടക്കുന്ന നിലയിലുമാണ് കണ്ടെത്തിയത്.

നാലു വർഷമായി ഇവർ വാടക വീട്ടിൽ താമസിച്ചു വരികയായിരുന്നു. ഇരുവർക്കും പത്ത് വയസ് പ്രായമുള്ള ഒരു കുട്ടിയുമുണ്ട്. കുട്ടിയെ ഷാജിയുടെ വീട്ടിലാക്കിയിരിക്കുകയായിരുന്നു. ഇരുവരും തമ്മിൽ കുടുംബ പ്രശ്നങ്ങളുണ്ടായിരുന്നുവെന്ന് പൊലീസ് അറിയിച്ചു. ആത്മഹത്യയാണെന്നാണ് പ്രഥമിക നിഗമനം.

# ഇസ്രായേലിലും ഗസ്സയിലും മരണ സംഖ്യ ഉയരുന്നു

ടെൽ അവീവ് : ഇസ്രായേൽ – പലസ്തീൻ സംഘർഷം രക്തരൂക്ഷിതമായി തുടരുന്നു. ഇരു രാജ്യങ്ങളിലുമായി മരണം 1200 ആയി. ഇസ്രയേൽ അതിർത്തി കടന്ന് ഹമാസ് നടത്തിയ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 700 കടന്നു.

സംഗീത പരിപാടി നടന്ന സ്ഥലത്ത് നിന്ന് മാത്രം 260 മൃതദേഹം കണ്ടെടുത്തു. ഗാസയിൽ ഇസ്രയേൽ നടത്തുന്ന ആക്രമണങ്ങളിൽ ഇതുവരെ 450 ഓളം പേരാണ് കൊല്ലപ്പെട്ടത്. ശനിയാഴ്ചത്തെ റോക്കറ്റ് ആക്രമണത്തിൽ മലയാളി നഴ്സിനും പരിക്കേറ്റു.
ഗാസാ അഭയാർത്ഥി ക്യാമ്പിൽ ഒരു കുടുംബത്തിലെ 20 പേരും ഇന്നലെത്തെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. 130 ഇസ്രയേൽ പൗരന്മാർ തങ്ങളുടെ കസ്റ്റഡിയിലുണ്ടെന്ന് ഹമാസും ഇസ്ലാമിക് ജിഹാദും വ്യക്തമാക്കി. ഇവരെ വിട്ടയക്കണമെങ്കിൽ തടവിലുള്ള പലസ്തീൻ പൗരന്മാരെ വിട്ടയക്കണമെന്നാണ് ആവശ്യം. ഹമാസ് ആക്രമണത്തിൽ പത്ത് നേപ്പാൾ പൗരന്മാരും, ഇസ്രയേൽ സേനയിൽ പ്രവർത്തിച്ചിരുന്ന ഒരാളടക്കം മൂന്ന് ബ്രിട്ടീഷ്കാരും, രണ്ട് യുക്രൈൻ പൗരന്മാരും ഒരു ഫ്രഞ്ച് പൗരന്മാരും കൊല്ലപ്പെട്ടിട്ടുണ്ട്. നാല് അമേരിക്കൻ പൗരന്മാർ കൊല്ലപ്പെട്ടെന്ന് റിപ്പോർട്ടുകൾ ഉണ്ടെങ്കിലും അമേരിക്കയോ ഇസ്രയേലോ സ്ഥിരീകരിച്ചിട്ടില്ല. അതിനിടെ പുതിയ സാഹചര്യം ചർച്ച ചെയ്യാൻ യുഎൻ സെക്യൂരിറ്റി കൗൺസിൽ യോഗം ചേരും. അടച്ചിട്ട മുറിയിലാണ് യോഗം ചേരുക.
അതിനിടെ, ഇസ്രായേലിൽ മിസൈലാക്രമണത്തിൽ മലയാളി നഴ്സിന് പരിക്കേറ്റു. കണ്ണൂർ പയ്യാവൂർ സ്വദേശി ഷീജ ആനന്ദിനാണ് ശനിയാഴ്ച ഉച്ചയ്ക്ക് ജോലി സ്ഥലത്തുവച്ച് പരിക്കേറ്റത്. ഭർത്താവുമായി വീഡിയോ കോളിൽ സംസാരിക്കുന്നതിനിടെയായിരുന്നു മിസൈൽ പതിച്ചത്. അഷ്കിലോണിൽ കെയർടേക്കർ നഴ്സായി ജോലി ചെയ്യുകയായിരുന്നു ഷീജ.

അവിടെ ആശുപത്രിയിൽ ശസ്ത്രക്രിയക്ക് വിധേയയാക്കിയ ഷീജയുടെ ആരോഗ്യനില തൃപ്തികരമാണ്. വീട്ടുകാരുമായി അവർ സംസാരിച്ചു. ഏഴ് വർഷമായി ഇസ്രായേലിലാണ് ഷീജ.



തകർന്ന കെട്ടിടങ്ങൾക്കിടയിലൂടെ സുരക്ഷിത സ്ഥലത്തേക്ക് നീങ്ങുന്നവർ

## ഹമാസ് ഐഎസ് പോലെ ഭീകരസംഘടനയെന്ന് ഇസ്രയേൽ; സൈനിക സഹായവുമായി അമേരിക്ക

ഇസ്രയേൽ–ഹമാസ് യുദ്ധം ചർച്ച ചെയ്യാൻ വിളിച്ച യുഎൻ രക്ഷാകൗൺസിൽ യോഗം സംയുക്ത പ്രസ്താവന ഇറക്കുന്നതിൽ പരാജയപ്പെട്ടു. ഹമാസ് ആക്രമണത്തെ യുഎൻ കൗൺസിൽ രൂക്ഷമായി അപലപിക്കണമെന്ന് അമേരിക്ക യോഗത്തിൽ ആവശ്യപ്പെട്ടു. ഹമാസ് ഭീകരസംഘടനയായ ഐഎസ്ഐഎസിനും അൽഖയ്ദയ്ക്കും തുല്യമാണെന്ന് യുഎന്നിലെ ഇസ്രയേൽ സ്ഥിരം പ്രതിനിധി ഗിലാർഡ് എർദൻ പറഞ്ഞു. ഇത്തരം ക്രൂരതകൾ ഇനിയും ആവർത്തിക്കാതിരിക്കാൻ ഹമാസ് എന്ന ഭീകര സംഘടനയെ പൂർണ്ണമായും ഇല്ലാതാക്കാനുള്ള സമയമാണിത്. ഇത് ഇസ്രായേലിനെതിരെ മാത്രമുള്ള യുദ്ധമല്ല. ഇത് സ്വതന്ത്ര ലോകത്തിനെതിരായ യുദ്ധമാണ്. ഭീകരതയ്ക്കെതിരായ യുദ്ധത്തിൽ ഇസ്രായേൽ മുൻപന്തിയിലാണ്, ഇതിൽ വിജയിച്ചില്ലെങ്കിൽ ലോകം മുഴുവൻ അതിന്റെ വില നൽകേണ്ടിവരും. അതിനാൽ ലോകം മുഴുവൻ ഇസ്രയേലിന് പിന്തുണ നൽകണമെന്ന് എർദൻ ആവശ്യപ്പെട്ടു. . കടുത്ത വെല്ലുവിളികൾ നേരിട്ടാണ് ഇസ്രയേൽ മുന്നോട്ടുവന്നിട്ടുള്ളത്.ഇസ്രായേൽ വിജയിക്കും. ഹമാസ് വംശഹത്യ ലക്ഷ്യമിടുന്ന ഇസ്ലാമിക് ഭീകര സംഘടനയാണ്. അത് ഐഎസ്, അൽ ഖയ്ദ എന്നിവയിൽ നിന്നും വ്യത്യസ്തമല്ല. ജൂത രാഷ്ട്രത്തിന്റെ ഉന്മൂലനമാണ് അവർ ലക്ഷ്യമിടുന്നതെന്നും ഗിലാർഡ് എർദൻ പറഞ്ഞു. അതിനിടെ, യുദ്ധത്തിൽ ഇസ്രയേലിന് സഹായവുമായി അമേരിക്ക രംഗത്തെത്തി. യുദ്ധക്കപ്പലുകളും വ്യോമയാനങ്ങളും അയക്കുമെന്ന് യുഎസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിൻ അറിയിച്ചു. അമേരിക്കൻ പടക്കപ്പലായ യു.എസ്.എസ്. ജെറാൾഡ് ആർ ഫോർഡ് ഇസ്രയേൽ ലക്ഷ്യമാക്കി കിഴക്കൻ മെഡിറ്ററേനിയൻ കടലിലേക്ക് നീങ്ങാൻ നിർദേശം നൽകി. ഇതിന് പുറമെ ഒരു മിസൈൽ വാഹിനിയും നാല് മിസൈൽ നശീകരണികളും അയക്കും. യുഎസ് യുദ്ധവിമാനങ്ങളായ എഫ്–35, എഫ്–15, എഫ്–16, എ–10 എന്നിവയും ഇസ്രയേലിന് കൈമാറുമെന്ന് അറിയിച്ചു.

## ഇസ്രയേൽ – പലസ്തീൻ യുദ്ധം അവസാനിപ്പിക്കണം

ഇസ്രയേലും പലസ്തീനും തമ്മിലുള്ള പോരാട്ടത്തിന് നീണ്ട ചരിത്രമുണ്ട്. അത്തരം ചരിത്രത്തിലേക്ക് ഇപ്പോൾ കടക്കുന്നത് സാംഗത്യമല്ല. ലോകത്തെ മുഴുവൻ പ്രയാസപ്പെടുത്തിക്കൊണ്ടാണ് ഹമാസും ഇസ്രയേലും തമ്മിൽ യുദ്ധത്തിൽ ഏർപ്പെട്ടിട്ടുള്ളത്. മാർപ്പാപ്പ പറഞ്ഞതുപോലെ ഭീകരവാദവും യുദ്ധവും പ്രശ്നങ്ങൾ പരിഹരിക്കില്ല. നിഷ്കളങ്കരായ ജനങ്ങളുടെ ജീവനെടുക്കുക മാത്രമാണ് ചെയ്യുക. യുദ്ധം തോൽവിയാണ്. ഇസ്രയേലിലും, പലസ്തീനിലും സമാധാനം പുലരാനായി പ്രാർത്ഥിക്കാമെന്നാണ് അദ്ദേഹം ആഹ്വാനം ചെയ്തിട്ടുള്ളത്. ലോകത്തുള്ള ഭൂരിപക്ഷം മനുഷ്യരും സമാധാനം ആഗ്രഹിക്കുന്നവരാണ്.

എന്നാൽ സമാധാനം പുലരരുതെന്നാഗ്രഹിക്കുന്ന ചെറിയ ന്യൂനപക്ഷങ്ങളുണ്ട്. അവരിൽ ചിലർ രാജ്യങ്ങളുടെ ഭരണാധികാരികളായി വരുമ്പോൾ അവർ യുദ്ധങ്ങൾക്ക് കോപ്പ് കൂട്ടും. റഷ്യ-യുക്രൈൻ യുദ്ധം ആരംഭിച്ചിട്ട് ഒരു വർഷം പിന്നിട്ടിരിക്കുന്നു. ഇക്കാലയളവിൽ ഒട്ടേറെ നിരപരാധികളായ മനുഷ്യരും സൈനികരും ഇരു രാജ്യങ്ങൾക്കും നഷ്ടപ്പെടുകയുണ്ടായി. ജനങ്ങൾ ദുരിതത്തിലേക്ക് വലിച്ചെറിയപ്പെട്ടു എന്നതല്ലാതെ റഷ്യ-യുക്രൈൻ യുദ്ധം കൊണ്ട് എന്ത് നേട്ടമാണുണ്ടായത്. നിഷ്കളങ്കരായ കുട്ടികളടക്കം യുദ്ധങ്ങളിൽ കൊല്ലപ്പെടുമ്പോൾ എങ്ങനെയാണ് നിലവിളിക്കാതിരിക്കാനാവുക. ശനിയാഴ്ച രാവിലെ ഹമാസ് ആരംഭിച്ച ആക്രമണത്തിലൂടെ നൂറു കണക്കിന് പലസ്തീൻകാരും, ഇസ്രയേലുകാരും കൊല്ലപ്പെട്ടിട്ടുണ്ട്.

ഇസ്രയേൽ-പലസ്തീൻ വിഷയത്തിൽ ലോക രാഷ്ട്രങ്ങൾ പ്രശ്ന പരിഹാരത്തിനാണ് ഉടൻ ശ്രമിക്കേണ്ടത്. അല്ലാതെ ഏതെങ്കിലും ഒരു രാജ്യത്തിന് പ്രത്യേക പിന്തുണയും ആയുധങ്ങളും നൽകുമ്പോൾ സ്ഥിതിഗതികൾ കൂടുതൽ ദുരിതം വിതക്കും. യുദ്ധം എത്രയും പെട്ടന്ന് അവസാനിപ്പിക്കാൻ ഐക്യരാഷ്ട്ര സംഘടനയും, വൻ ശക്തികളും ഇടപെടണം. സമാധാന പൂർണ്ണമായ ഒരു സാഹചര്യം സൃഷ്ടിക്കാൻ എല്ലാവരും യോജിക്കുകയും, യുദ്ധം എത്രയും വേഗം അവസാനിപ്പിക്കുകയും വേണം.

## ആലപ്പുഴയിൽ പെൺകുട്ടിയോട് അപമര്യാദയായി പെരുമാറിയ യുവാവിന്റെ വീട് കത്തിച്ചു

ആലപ്പുഴ: തൃക്കുന്നപ്പുഴയിൽ പെൺകുട്ടിയോട് അപമര്യാദയായി പെരുമാറിയ യുവാവിന്റെ വീട് കത്തിച്ചു. തൃക്കുന്നപുഴ സ്വദേശി നടരാജന്റെ വീടാണ് കത്തിച്ചത്.

നടരാജന്റെ മകൻ മനോജ് പെൺകുട്ടിയോട് അപമര്യാദയായി പെരുമാറിയതിന്റെ പ്രകോപനമാണ് ആക്രമണത്തിന് കാരണം. സംഭവവുമായി ബന്ധപ്പെട്ട് രണ്ടുപേർ അറസ്റ്റിലായി.

തൃക്കുന്നപ്പുഴ പള്ളിപ്പാട് സ്വദേശികളായ അഭിജിത്ത്, മഞ്ജിദത്ത് എന്നിവരാണ് അറസ്റ്റിലായത്.
ഇവരുടെ ബന്ധുവായ പെൺകുട്ടിയോട് മനോജ് അപമര്യാദയായി പെരുമാറിയെന്നാണ് ആരോപണം. ശനിയാഴ്ച രാത്രിയാണ് ഇവർ വീടിന് തീയിട്ടത്.

സംഭവ സമയത്ത് മനോജിന്റെ മാതാപിതാക്കൾ വീട്ടിലുണ്ടായിരുന്നു. ഇവർ ഓടി രക്ഷപ്പെടുകയായിരുന്നു.

## ഇ.ഡി അറസ്റ്റ്: സുപ്രീംകോടതി ഉത്തരവിനെതിരെ കേന്ദ്രം അപ്പീലിന്

ന്യൂഡൽഹി: ഇ.ഡി അറസ്റ്റ് ചെയ്യുന്ന വ്യക്തികൾക്ക് അറസ്റ്റിനുള്ള കാരണം രേഖാമൂലം വ്യക്തമാക്കിക്കൊടുക്കണമെന്ന സുപ്രീംകോടതിയുടെ സമീപകാല വിധിക്കെതിരെ കേന്ദ്ര സർക്കാർ അപ്പീലിന്. ഒക്ടോബർ നാലിലെ വിധിക്കെതിരെ റിവ്യൂ ഹരജി നൽകാനാണ് നീക്കം.വ്യക്തികൾക്ക് അറസ്റ്റിനുള്ള കാരണം അറസ്റ്റിൻറെ സമയത്ത് തന്നെ രേഖാമൂലം വ്യക്തമാക്കിക്കൊടുക്കണമെന്ന് ജസ്റ്റിസ് എ.എസ്. ബൊപ്പണ്ണ, ജസ്റ്റിസ് സഞ്ജയ് കുമാർ എന്നിവരടങ്ങിയ ബെഞ്ചാണ് ഉത്തരവിട്ടത്. റിയൽ എസ്റ്റേറ്റ് ഗ്രൂപ്പായ എംത്രീഎമ്മിൻറെ ഉടമകളായ പങ്കജ് ബൻസാലിനെയും ബസന്ത് ബൻസാലിനെയും കള്ളപ്പണം വെളുപ്പിക്കൽ കേസിൽ അറസ്റ്റ് ചെയ്തതിനെതിരായ ഹരജിയിലായിരുന്നു വിധി. ഇരുവരുടെയും അറസ്റ്റ് നിയമപരമല്ലെന്ന് ചൂണ്ടിക്കാട്ടിയ കോടതി എത്രയും വേഗം ഇരുവരെയും മോചിപ്പിക്കാൻ ഉത്തരവിടുകയും ചെയ്തിരുന്നു. ഇ.ഡിയുടെ പ്രവർത്തനം സുതാര്യവും സംശുദ്ധവുമാകണമെന്നും പ്രതികാരബുദ്ധിയോടെയാവരുതെന്നും കോടതി വ്യക്തമാക്കിയിരുന്നു. ഈ വിധിക്കെതിരെയാണ് കേന്ദ്രം അപ്പീലിനൊരുങ്ങുന്നത്.

## ഒന്നും ഓർമയില്ല; നിയമനക്കോഴക്കേസിൽ ഹരിദാസന്റെ മൊഴി; വിശദമായി ചോദ്യം ചെയ്യും




തിരുവനന്തപുരം: ആരോഗ്യമന്ത്രിയുടെ ഓഫീസിനെതിരായ നിയമനക്കോഴ വിവാദത്തിൽ പണം നൽകിയ ആളെ ഓർമയില്ലെന്ന് പരാതിക്കാരനായ ഹരിദാസന്റെ മൊഴി. എവിടെ വച്ചാണ് പണം നൽകിയതെന്നതും ഓർമയില്ലെന്ന് ഹരിദാസൻ കന്റോൺമെന്റ് പൊലീസിന് മൊഴി നൽകി. ഇന്ന് രാവിലെയാണ് ഹരിദാസൻ അന്വേഷണസംഘത്തിന് മുന്നിൽ ഹാജരായത്.
കന്റോൺമെന്റ് ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള സംഘം ഹരിദാസനെ വിശദമായി ചോദ്യം ചെയ്യും. ഇതോടെ സെക്രട്ടേറിയറ്റ് പരിസരത്തെ കോഴക്കൈമാറ്റത്തിലടക്കം വ്യക്തതവരുത്താനാകുമെന്നാണ് പൊലിസിന്റെ കണക്കുകൂട്ടൽ.
കഴിഞ്ഞ ചൊവ്വാഴ്ച ഹരിദാസനോട് ഹാജരാകാൻ പൊലീസ് നിർദേശിച്ചിരുന്നെങ്കിലും അന്ന് ഹാജരായിരുന്നില്ല. ഇതിന് പിന്നാലെ ഇയാൾ ഒളിവിൽപോയെന്നായിരുന്നു പൊലീസ് പറഞ്ഞിരുന്നത്. എഐവൈഎഫ് നേതാവ് ബാസിതിനോടും ഹരിദാസനോടും ഹാജരാകാൻ ഇന്ന് പൊലീസ് നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഹരിദാസൻ ഹാജരായത്. ഡോക്ടർ നിയമനത്തിനായി സെക്രട്ടേറിയറ്റ് പരിസരത്ത് വച്ച് വീണാ ജോർജിന്റെ പിഎ അഖിൽ മാത്യുവിന് ഒരുലക്ഷം രൂപ നൽകി എന്നായിരുന്നു ഹരിദാസൻ പരാതിയിൽ പറഞ്ഞിരുന്നത്.

പരാതിയുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് പരിസരത്തെ അന്നത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോൾ അത്തരത്തിലൊരു സംഭവം കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. കേസിലെ മുഖ്യകണ്ണികളായ അഖിൽ സജീവും റഹീസും നേരത്തെ പൊലീസ് പിടിയിലായിരുന്നു.

## സുഹൃത്തിനെ കുത്തുന്നത് തടയാൻ ശ്രമിച്ചു; യുവാവ് കുത്തേറ്റു മരിച്ചു

മലപ്പുറം: സുഹൃത്തിനെ കുത്തുന്നത് തടയാൻ ശ്രമിച്ച യുവാവ് കുത്തേറ്റു മരിച്ചു. കുഴിയംപറമ്പ് ചർച്ചിനു സമീപം താമസിക്കുന്ന പ്രജിത്ത് (26) ആണ് മരിച്ചത്. കുത്തേറ്റ സുഹൃത്ത് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.
മൂന്നുപേരടങ്ങിയ സംഘം സുഹൃത്ത് പാറക്കടത്ത് പൊക്കനാളി നൗഫലിനെ കുത്തുന്നത് തടയാൻ ശ്രമിച്ചപ്പോഴാണ് പ്രജിത്തിന് നെഞ്ചിന് കുത്തേറ്റത്. ഞായറാഴ്ച വൈകീട്ട് കിഴിശ്ശേരി കുഴിയംപറമ്പ് ജിഎൽപി സ്കൂളിനു സമീപം വെച്ചായിരുന്നു സംഭവം.
നൗഫലിന് കൈക്കാണ് കുത്തേറ്റത്. മരിച്ച പ്രജിത്ത് അവിവാഹിതനാണ്. കൊലപാതകവുമായി ബന്ധപ്പെട്ട് എടവണ്ണ, പൂക്കൊളത്തൂർ സ്വദേശികളായ രണ്ടുപേരെ കൊണ്ടോട്ടി പൊലീസ് കസ്റ്റഡിയിലെടുത്തായയാണ് സൂചന.

## അഞ്ചു സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് തിയതികൾ പ്രഖ്യാപിച്ചു




ഡൽഹി: അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള തിയതികൾ പ്രഖ്യാപിച്ചു.മിസോറാമിൽ നവംബർ 7നാണ് തെരഞ്ഞെടുപ്പ്. .

രാജസ്ഥാൻ -നവംബർ 23, തെലങ്കാന-നവംബർ 30, മധ്യപ്രദേശ്-നവംബർ 17, ഛത്തീസ്ഗഡ്-നവംബർ 7,17 എന്നിങ്ങനെയാണ് മറ്റു സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് തിയതികൾ .വോട്ടെണ്ണൽ ഡിസംബർ 3ന് നടക്കും. കരട് വോട്ടർ പട്ടിക ഒക്ടോബർ 17ന് പ്രസിദ്ധീകരിക്കും. തെരഞ്ഞെടുപ്പിൻറെ ഷെഡ്യൂൾ പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി സംസ്ഥാനങ്ങളിലെ ഒരുക്കങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷൻ വിലയിരുത്തിയിരുന്നു .
മിസോറോമിൽ 40 മണ്ഡലങ്ങളിലായി 8.52 ലക്ഷം വോട്ടർമാരാണ് ഉള്ളത്. ഛത്തീസ്ഗഡിൽ 90 നിയമസഭാ മണ്ഡലങ്ങളാണ് ഉള്ളത്. ആകെ 2.03 കോടി വോട്ടർമാരും. മധ്യപ്രദേശിൽ 230 കോടി നിയോജക മണ്ഡലങ്ങളിലായി 5.6 കോടി വോട്ടർമാരുണ്ട്. നിയമസഭ തെരഞ്ഞെടുപ്പ് നടക്കുന്ന മറ്റൊരു സംസ്ഥാനമായ രാജസ്ഥാനിൽ 200 മണ്ഡലങ്ങളുണ്ട്.

5.25 കോടി വോട്ടർമാരാണ് ഇവിടെ ജനവിധി എഴുതുന്നത്. തെലങ്കാനയിൽ 119 മണ്ഡലങ്ങളിലായി 3.17 കോടി വോട്ടർമാരുമുണ്ട്.അഞ്ചു സംസ്ഥാനങ്ങളിലായി 16.14 കോടി വോട്ടർമാരാണ് ഉള്ളത്. ഇതിൽ 60 ലക്ഷം പേർ കന്നി വോട്ടർമാരാണ്. 8.2 കോടി പുരുഷ വോട്ടർമാരും 7.8 കോടി സ്ത്രീ വോട്ടർമാരുമുണ്ട്. 1.77 ലക്ഷം പോളിങ് സ്റ്റേഷനുകൾ ഉണ്ടായിരിക്കും.

ഒരു ലക്ഷത്തിലധികം വോട്ടിംഗ് കേന്ദ്രങ്ങളിൽ വെബ് കാസ്റ്റിംഗ് സൗകര്യം ഉണ്ടായിരിക്കും. 8192 പോളിംഗ് സ്റ്റേഷനുകൾ സ്ത്രീകൾ നിയന്ത്രിക്കും.
"സ്വതന്ത്രവും നീതിയുക്തവും പ്രേരണരഹിതവുമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് പൗരന്മാരുടെ അവബോധവും സഹകരണവും പ്രധാനമാണ്. ഇലക്ഷൻ കമ്മീഷൻറെ cVigil ആപ്പ് വഴി പൗരന്മാർക്ക് ഏത് തരത്തിലുള്ള തെരഞ്ഞെടുപ്പ് ക്രമക്കേടുകളും ഇലക്ഷൻ കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യാം.

എല്ലാ പരാതികൾക്കും 100 മിനിറ്റിനുള്ളിൽ ഒരു പ്രതികരണം ഉണ്ടാകും" മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

## കോഴിക്കോട് മാലിന്യസംഭരണ കേന്ദ്രത്തിലെ തീപിടിത്തം: ദുരൂഹതയെന്ന് കോർപ്പറേഷൻ; ഇന്ന് ഫോറൻസിക് പരിശോധന




കോഴിക്കോട്: കോഴിക്കോട് വെസ്റ്റ് ഹില്ലിലെ മാലിന്യ സംഭരണ കേന്ദ്രത്തിലുണ്ടായ തീപിടിത്തത്തിൽ ദുരൂഹതയെന്ന് കോർപ്പറേഷൻ. തീപിടിത്തം കോഴിക്കോട് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷിക്കും. അന്വേഷണം ആവശ്യപ്പെട്ട് കോഴിക്കോട് കോർപ്പറേഷൻ സിറ്റി പൊലീസ് കമ്മീഷണർക്കും വെള്ളയിൽ പൊലീസിനും പരാതി നൽകിയിരുന്നു.
സംഭവത്തിൽ അട്ടിമറിയുണ്ടെന്നാണ് കോർപ്പറേഷൻ ആരോപിക്കുന്നത്. പ്ലാന്റിന്റെ സമീപത്തെ ട്രാൻസ്ഫോർമറിൽ നിന്നല്ല തീ പടർന്നതെന്ന് കെഎസ്ഇബി അറിയിച്ചു. സംഭവത്തിൽ ഫോറൻസിക് സംഘം ഇന്ന് സ്ഥലത്ത് പരിശോധന നടത്തും.അതേസമയം മാലിന്യ പ്ലാന്റിന് സമീപത്തെ കെട്ടിടത്തിൽ വൈദ്യുതി ബന്ധമില്ല. ഷോർട്ട് സർക്യൂട്ട് മൂലമല്ല തീപടിച്ചതെന്നാണ് കോർപ്പറേഷന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ട്. തീപിടുത്തത്തിന് പിന്നിൽ ചില ശക്തികൾ പ്രവർത്തിച്ചുവെന്ന് കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ മുസാഫിർ അഹമ്മദ് ആരോപിച്ചു.സംഭവത്തിൽ ഇന്ന് ബിജെപി കോഴിക്കോട് കോർപ്പറേഷനെതിരെ ജനകീയ പ്രതിഷേധം സംഘടിപ്പിച്ചിട്ടുണ്ട്. 10 ഫയർഫോഴ്സ് യൂണിറ്റുകളുടെ സഹായത്തോടെ 10 മണിക്കൂർ നീണ്ട പരിശ്രമത്തിനൊടുവിലാണ് മാലിന്യ പ്ലാന്റിൽ പടർന്നുപിടിച്ച തീ അണച്ചത്.

## 'ഫലസ്തീൻ ജനതക്ക് ഐക്യദാർഢ്യം'; യൂത്ത് ലീഗ് യുദ്ധവിരുദ്ധ വലയം 12ന്

കോഴിക്കോട്: ഫലസ്തീൻ: 'പീഡിത ജനതക്ക് ഐക്യദാർഢ്യം' എന്ന പ്രമേയത്തിൽ മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി യുദ്ധവിരുദ്ധ വലയം സംഘടിപ്പിക്കുന്നു.

ഒക്ടോബർ 12ന് രാത്രി എട്ട് മണിക്ക് കോഴിക്കോട് മാനാഞ്ചിറയിലാണ് പരിപാടി.
അതേസമയം ഇസ്രായേൽ -ഹമാസ് പോരാട്ടം അതിശക്തമായി തുടരുകയാണ്. ഹമാസ് ആക്രമണത്തിൽ കൊല്ലപ്പെട്ട 16 സൈനികരുടെ പേരുവിവരം ഇസ്രായേൽ പുറത്തുവിട്ടു. ഇതോടെ കൊല്ലപ്പെട്ട സൈനികരുടെ എണ്ണം 73 ആയി. ഹമാസ് പോരാളികൾ രാജ്യത്ത് നുഴഞ്ഞുകയറിയതായി ഇസ്രായേൽ വ്യക്തമാക്കി.
11 സൈനിക ക്യാമ്പുകളിലും 20 താമസ കേന്ദ്രങ്ങളിലും ഹമാസ് പോരാളികൾ നുഴഞ്ഞുകയറിയെന്ന് ഇസ്രായേൽ ബ്രോഡ്കാസ്റ്റിങ് അതോറിറ്റി അറിയിച്ചു.



# 'കോയമ്പത്തൂർ സ്ഫോടന കേസിലെ ഉൾപ്പെടെ 36 മുസ്ലിം തടവുകാരെ വിട്ടയക്കണം': നിർണായക നീക്കവുമായി എഐഎഡിഎംകെ

ചെന്നൈ: ബിജെപി ബന്ധം വിട്ട ശേഷം നിർണായക നീക്കവുമായി എഐഎഡിഎംകെ. മുസ്‌ലിം തടവുകാരെ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ട് നിയമസഭയിൽ പ്രമേയം കൊണ്ടുവരും. മുസ്‌ലിം സംഘടനകളുടെ പിന്തുണ തേടിയതിന് പിന്നാലെയാണ് എഐഎഡിഎംകെ നീക്കം. ജീവപര്യന്തം തടവിന് ശിക്ഷിച്ച 36 മുസ്ലിം തടവുകാരെ വിട്ടയക്കണമെന്നാണ് ആവശ്യം. തടവുകാർക്കുള്ള ഇളവിന് ഇവരെയും പരിഗണിക്കണം. 1998ലെ കോയമ്പത്തൂർ സ്ഫോടന കേസിൽ ശിക്ഷിക്കപ്പെട്ടവർക്കും ഇളവ് നൽകണമെന്നാണ് ആവശ്യം.

2025 വർഷം വരെ തടവിൽ കഴിയുന്നവരെ വിട്ടയക്കാനുള്ള നീക്കം തമിഴ്നാട് സർക്കാർ നേരത്തെ നടത്തിയിരുന്നു. ഇതിനായി മാർഗനിർദേശം തയ്യാറാക്കാൻ മുൻ ജഡ്ജി അധ്യക്ഷനായ സമിതിയെ തമിഴ്നാട് സർക്കാർ നിയോഗിച്ചിരുന്നു. ഈ സമിതിയുടെ ചില മാർഗരേഖകൾ മുസ്ലിം തടവുകാർക്ക് എതിരാണെന്നാണ് മുസ്ലിം സംഘടനകളുടെ വാദം. 1998ലെ കോയമ്പത്തൂർ സ്ഫോടന കേസിൽ ജയിലിൽ കഴിയുന്ന 17 തടവുകാർക്ക് പുറത്തിറങ്ങാനാവാത്ത വ്യവസ്ഥകൾ ഇതിലുണ്ടെന്നാണ് പരാതി. 36 മുസ്ലിം തടവുകാരെ മോചിപ്പിക്കണമെന്ന് ആവശ്യം മുസ്ലിം സംഘടനകൾ ഉന്നയിക്കുന്നതിനിടെയാണ് അണ്ണാഡിഎംകെ പ്രമേയം കൊണ്ടുവരുന്നത്.

മുസ്ലിം വോട്ട് ഉറപ്പിക്കാനുള്ള നീക്കത്തിൻറെ ഭാഗമാണ് അണ്ണാഡിഎംകെയുടെ നീക്കം. എടപ്പാടി പളനിസ്വാമി കഴിഞ്ഞ ദിവസം സേലത്തെ യോഗത്തിൽ പങ്കെടുക്കവേ നിങ്ങളുടെ ആവശ്യം അംഗീകരിക്കുന്നുവെന്നും ഇനി തന്നെ പിന്തുണയ്ക്കണമെന്നും മുസ്ലിം സംഘടനകളോട് ആവശ്യപ്പെടുന്ന വീഡിയോ പുറത്തുവന്നിരുന്നു.

നേതാക്കൾ തമ്മിലുള്ള പരസ്യ വാക്പോരിനു പിന്നാലെയാണ് എഐഎഡിഎംകെ - ബിജെപി ബന്ധം വഷളായത്. തുടർച്ചയായി ബിജെപി സംസ്ഥാന അധ്യക്ഷൻ അണ്ണാമലൈ തങ്ങളുടെ നേതാക്കളെ അപമാനിക്കുന്നുവെന്നും ഇനിയും ഇത്തരത്തിൽ അപമാനം സഹിക്കേണ്ട ആവശ്യമില്ലെന്നുമാണ് അണ്ണാ ഡിഎംകെ നേതാക്കൾ പറഞ്ഞത്. ലോക്സഭാ തെരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ബാക്കിനിൽക്കെയാണ് സംസ്ഥാനത്ത് എൻഡിഎ സഖ്യത്തിൽ ഭിന്നതയുണ്ടായത്. തമിഴ്നാട്ടിൽ വൻ മുന്നേറ്റം ലക്ഷ്യമിട്ടുള്ള പ്രചാരണ പരിപാടികളുമായി മുന്നോട്ട് പോവുകയായിരുന്നു ബിജെപി. അതിനിടെയാണ് സഖ്യം അവസാനിപ്പിച്ചെന്ന് അണ്ണാഡിഎംകെ വ്യക്തമാക്കിയത്. അപമാനം സഹിക്കേണ്ട ആവശ്യമില്ലെന്നും അണ്ണാ ഡിഎംകെ ഇല്ലെങ്കിൽ ബിജെപിക്ക് തമിഴ്നാട്ടിൽ നോട്ടയ്ക്ക് കിട്ടുന്ന വോട്ട് പോലും കിട്ടില്ലെന്നും എഐഎഡിഎംകെ നേതാക്കൾ പ്രതികരിക്കുകയുണ്ടായി.

# തലയിരിക്കുമ്പോൾ വാലാടേണ്ട - പി.എം.എ സലാമിനെതിരായ പ്രതിഷേധം തള്ളി സാദിഖലി തങ്ങൾ



കോഴിക്കോട്: മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാമിനെതിരെ സമസ്തയിലെ ഒരു വിഭാഗം ഉയർത്തിയ പ്രതിഷേധത്തെ തള്ളി പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ.

സലാമിനെതിരെ ആരും പരാതി നൽകിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. ആരെയും പ്രത്യേകം ഉദ്ദേശിച്ചല്ല തന്റെ പരാമർശമെന്ന് പി.എം.എ സലാം തന്നെ പറഞ്ഞിട്ടുണ്ട്. ജിഫ്രി തങ്ങളെ താൻ ഉദ്ദേശിച്ചിട്ടില്ലെന്ന് അദ്ദേഹം വിശദീകരിച്ചു. പിന്നെ അത് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നും തങ്ങൾ പറഞ്ഞു.

സമസ്തയുടെ നേതാക്കളാരും ഈ വിഷയത്തിൽ ലീഗ് നേതാക്കളുമായി ബന്ധപ്പെട്ടിട്ടില്ല. സമസ്തയുടെ മസ്തിഷ്കം എന്നും ലീഗിനൊപ്പമാണ് നിന്നത്. തലയിരിക്കുമ്പോൾ വാലാടുന്നത് ശരിയല്ല. എല്ലാ മതസംഘടനകളുമായും നല്ല ബന്ധമാണ്. സമസ്ത നേതാക്കളെ നേരിൽ കാണുകയും ഫോണിൽ ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. അവരാരും പരാതി ഉന്നയിച്ചിട്ടില്ല. മറ്റാരെങ്കിലും പരാതിയുമായി സമീപിച്ചിട്ടില്ലെന്നും സാദിഖലി തങ്ങൾ ആവശ്യപ്പെട്ടു.

ഖുദ്സിന്റെ മോചനം ലോക മുസ്‌ലിംകളുടെ ആവശ്യമാണ്. ക്രിസ്ത്യാനികളടക്കം ഖുദ്സിനെ ബഹുമാനിക്കുന്നവരാണ്. അതിന് രാഷ്ട്രീയമായ പരിഹാരമാണ് വേണ്ടത്. ഹമാസിനെക്കാൾ വലിയ തീവ്രവാദമാണ് ഇസ്രായേൽ നടത്തുന്നത്.

ഐക്യരാഷ്ട്രസഭയും ലോക രാജ്യങ്ങളും ഇടപെട്ടുകൊണ്ടുള്ള രാഷ്ട്രീയ പരിഹാരം ഉണ്ടാകണമെന്നും തങ്ങൾ പറഞ്ഞു.

# കവിയരങ്ങും പുസ്തകങ്ങളുടെ കവർ പ്രകാശനവും നടത്തി

കോഴിക്കോട്: പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ കവിയരങ്ങും, പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ കവർ പ്രകാശനവും നടത്തി. പീപ്പിൾസ് റിവ്യൂ ഓഫീസിൽ നടന്ന ചടങ്ങ് കവി പി.പി.ശ്രീധരനുണ്ണി ഉദ്ഘാടനം നിർവ്വഹിച്ചു. ഗിരീഷ് ആമ്പ്ര അധ്യക്ഷത വഹിച്ചു. പീപ്പിൾസ്റിവ്യൂ 16-ാം വാർഷികാഘോഷ ലോഗോ പ്രകാശനം ഇൻഡോ-അറബ് കോൺഫെഡറേഷൻ ഗ്ലോബൽ പ്രസിഡണ്ട് എം.വി.കുഞ്ഞാമു നിർവ്വഹിച്ചു. പി.ഗംഗാധരൻ നായർ മുഖ്യ പ്രഭാഷണം നടത്തി. ആർ.ജയന്ത് കുമാർ മുഖ്യാതിഥിയായിരുന്നു. കവികളായ സുരേഷ് പാറപ്രം, വിജു വി.രാഘവ്, ജോബി മാത്യു, ബിജു ടി.ആർ.പുത്തഞ്ചേരി, സുബീഷ് അരിക്കുളം, റഹീം പുഴയോരത്ത്, മോഹനൻ പുതിയോട്ടിൽ, ലിംസി ആന്റണി, ശ്രുതി വൈശാഖ്, ഈപ്പൻ.പി.ജെ, എൻ.എസ്.മേരി കൊട്ടുപ്പള്ളി, സരസ്വതി ബിജു എന്നിവർ കവിതകൾ അവതരിപ്പിച്ചു.ടി.പി.വാസു, രാമദാസ് വേങ്ങേരി, സി.പി.എം.അബ്ദുറഹിമാൻ ആശംസകൾ നേർന്നു. എഴുത്തുകാരായ ഉസ്മാൻ ഒഞ്ചിയം എസ്.കെ. ആശുപത്രിയിലാണ്(ചെറുകഥാസമാഹാരം), ലക്ഷ്മി വാകയാട് ഇലയും മുള്ളും കണ്ടുമുട്ടിയപ്പോൾ (കവിതാ സമാഹാരം), ജോസഫ് പൂതക്കുഴി കാഴ്ചകൾക്കപ്പുറം(ലേഖന സമാഹാരം), ടി.ടി.കണ്ടൻകുട്ടി നൊമ്പരപ്പൂക്കൾ (നോവൽ), എം.എം.ഗോപാലൻ നിലയ്ക്കാത്ത കണ്ണുനീർ (ചെറുകഥാസമാഹാരം) എന്നിവയാണ് പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ.ചടങ്ങിൽ പീപ്പിൾസ് റിവ്യൂ പത്രാധിപർ പി.ടി.നിസാർ സ്വാഗതവും. ജന.മാനേജർ പി.കെ.ജയചന്ദ്രൻ നന്ദിയും പറഞ്ഞു.














# ഇസ്രായേൽ - ഹമാസ് സംഘർഷം; ആഗോളവിപണിയിൽ എണ്ണവില ഉയർന്നു

ഇസ്രായേൽ-ഹമാസ് സംഘർഷം രൂക്ഷമായ പശ്ചാത്തലത്തിൽ ആഗോളവിപണിയിൽ എണ്ണവിലയും കുതിച്ചുയരുന്നു.

ഇന്ന് വിലയിൽ നാല് ശതമാനം വർധനയാണ് ഉണ്ടായത്. ബാരലിന് 89 ഡോളറിലേക്കാണ് വർധന. കഴിഞ്ഞ ദിവസങ്ങളിൽ കുറഞ്ഞ എണ്ണ വിലയാണ് പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ കുതിച്ചുയരുന്നത്.പശ്ചിമേഷ്യൻ സംഘർഷം രാജ്യത്തെ ഓഹരി വിപണിയെയും ബാധിച്ചു. നിക്ഷേപകരുടെ ആസ്തിയിൽ നാല് ലക്ഷം കോടി രൂപയുടെ കുറവുണ്ടായി. ബി.എസ്.ഇയിൽ ലിസ്റ്റ് ചെയ്ത ഓഹരികളുടെ മൊത്തം മൂല്യം 320 ലക്ഷം കോടിയിൽനിന്ന് 316 കോടിയായി.

സെൻസെക്സിൽ 469 പോയിന്റ് നഷ്ടത്തിൽ 65,525ലും നിഫ്റ്റി 141 പോയിന്റ് താഴ്ന്ന് 19,511ലുമാണ് വ്യാപാരം ആരംഭിച്ചത്.

ആഗോളവിപണിയിൽ എണ്ണവില വർധിക്കുന്നതാണ് വിപണിക്ക് തിരിച്ചടിയായത്. ബി.പി.സി.എൽ, അദാനി പോർട്സ്, ടാറ്റ സ്റ്റീൽ, അദാനി എന്റർപ്രൈസസ് തുടങ്ങിയ ഓഹരികളാണ് പ്രധാനമായും നഷ്ടത്തിലുള്ളത്.




# കവിത

## അവൾക്ക് പറയാനുള്ളത്



**സരസ്വതി ബിജു കോഴിക്കോട്**

അല്ലങ്കിലും ആർത്തവത്തെക്കുറിച്ച്
എന്തിത്ര പറയാൻ
കീറത്തുണി കെട്ടി പൊതിഞ്ഞ്, ഈർപ്പം തട്ടി,
കാറ്റ് തട്ടാതെ, ആഴചയോളം, തണുത്ത പ്രതലത്തിലങ്ങനെ

എല്ലാ മാസവും കൂടെയുണ്ടെങ്കിലും ആദ്യത്തെ വരവിന്റെ രസം
പണ്ടാണെങ്കിൽഒന്നു വേറേ തന്നെ
വിസ്മയം ,സന്തോഷം, സമ്മാനപ്പെയ്ത്ത്,
ആഘോഷങ്ങളുടെ പാതിരാവ്,, അരുതുകളുടെ കുത്തൊഴുക്ക്,

മിണ്ടരുത്, കാണരുത് ഓടരുത് ചാടരുത്, അരുതുകളുടെ അതിരു കൾ,
സ്കൂളിനും കോളേജിനും സ്വയം അവധി തീർക്കുന്നു
നിറമുള്ള കല്യാണത്തിനു ശേഷം
അടുക്കള ലോകമാക്കിയപ്പോൾ മാസംതോറും
വെളിച്ചം കടക്കാത്ത ഒറ്റമുറിക്കകത്ത്
ദിനങ്ങൾക്ക് മാറ്റ് കുറഞ്ഞു,,,, കുറഞ്ഞ്

പിന്നാമ്പുറത്ത് തമ്മിൽ തമ്മിൽ സൊറ പറയുന്ന നാളൊഴിച്ചാൽ
മറ്റെന്ത് മാങ്ങാ തൊലിയാണതിൽ
ജീവൻ പിടഞ്ഞുണരുന്നത് ഈ വഴിയെന്ന
സത്യത്തെ വെറുപ്പിന്റെ പേരിൽ മറയ്ക്കുമ്പോൾ
ഒരായിരം ബീജങ്ങളേറ്റുവാങ്ങാനും
പുതുനാമ്പ് വിടർത്താൻ കരുത്തുള്ള രക്ത തുള്ളികളെ ആരാണ്
നിഗൂഢതയുടെ താഴിട്ട് പൂട്ടുന്നത്,,,???
പൊതിഞ്ഞ തുണി വലിച്ചെറിയരുത്
താക്കിത് മാത്രമല്ല ഭീഷണിയും
നാഗദേവത കോപിക്കും
അല്ലങ്കിലും മാലിന്യം വലിച്ചെറിയുന്നത്
മോശമാണന്നാർക്കാണറിയാത്തത് പക്ഷേ,,,,
തൃപ്പൂത്താടിയ തുണിക്ക് പൊൻപട്ടിന്റെ മഹത്വം
കാണുന്ന തേ പുണ്യം
കാലം നാട്കയറി കാട കന്നപ്പോൾ
ചാടാം, ഓടാം മെനുസ്ര ട്രൽ കപ്പും വിസ്പറും വിദ്യാഭ്യാസ വുമുണ്ട്
കവിതയും കോപ്പിയടിയുമുണ്ട്
വിവരക്കേടിന്റെ പേര് ഇപ്പഴും ബ്രഹ്മചര്യം, ചാരിത്ര്യം

ഇതൊക്കെയാണെങ്കിലും അമ്പത് വയസായിട്ടും,
കൂടെപിറപ്പിനേപ്പോലെ ഇപ്പോഴും പൊതിഞ്ഞു കെട്ടി നടക്കുന്ന
രാധേട്ത്തിക്കറിയാം അമ്പത് കഴിഞ്ഞാൽ മല ചവിട്ടാമെന്ന്
പടിയിൽ വച്ചീ കൂട്ടുകാരി കടന്നു വന്നാൽ കൈപ്പിടിച്ച് കൂടെ കൂട്ടണം
ഇറ്റ് തുള്ളി വീഴ്ത്തില്ലന്നുറപ്പുണ്ട്
ഇനിയൊരിക്കലും, കൈമുറിച്ചോ, കാൽ മുറിച്ചോ,, അറിയില്ല
അയ്യപ്പനുണ്ടോ ഇതൊക്കെയറിയുന്നു

## നാടുവാഴി



**പ്രമോദ് കൊളാട്ടിൽ**

നാടുവാഴിത്തമ്പു രാനെഴുന്നെള്ളുന്നേ,
പല്ലക്കിലേറിയെഴുന്നെള്ളുന്നേ,
കണ്ടോ..കണ്ടോയെന്റെ കൊച്ചു തമ്പ്രാ ?
കണ്ടു..നീ ദൂരേക്ക് മാറ് ചൊക്കാ !
തമ്പുരാനെങ്ങാനും നിന്നെക്കണ്ടാൽ
ഉടലിനു മീതെയീതല കാണില്ല,
ഓ ഹൈ... ഓ ഹൈ...
ഓ ഹൈ... ഓ ഹൈ....
നാടുവാഴിയങ്ങു പോയോ തമ്പ്രാ?
പോയി, നീയിങ്ങോട്ട് പോര് ചൊക്കാ,
നീലിയെ കോലോത്തേക്കയക്കൂ ചൊക്കാ,
നാടുവാഴിക്കൊന്നു കാണണം പോൽ,
ചൊക്കന്റെ മോളാണ് നീലിപ്പെണ്ണ്,
കറുത്തിട്ടാണെങ്കിലും സുന്ദരിയാ,
കന്യകയാണവൾ മാൻ മിഴിയാൾ,
അതുകൊണ്ടവൾക്കന്നയിത്തമില്ല,
നാടുവാഴികൾ നാടു വാണീടുംകാലം,
ഐത്തമനാചാരങ്ങളുള്ള കാലം,
കോലോത്തെ തമ്പ്രാനും ദൂരെ നിക്കും,
കീഴ്ജാതിക്കാരോ മറഞ്ഞു നിൽക്കും,
മാറു മറക്കാതിരുന്ന കാലം,
മാറിനു കരവും കൊടുത്ത കാലം,
വർണ്ണവിവേചനമുള്ള കാലം,
നെല്ല് പണമായിരുന്നകാലം,
കാണാനഴകുള്ള പെണ്ണുങ്ങൾക്കോ,
തൊട്ടു തൊടിയില്ല തീണ്ടലില്ല,
നടുവാഴിക്കുമാ തമ്പ്രാക്കൾക്കും,
കാമം വരുമ്പോളതൊട്ടുമില്ല

# ഏഷ്യൻ ഗെയിംസ്: 107 മെഡലുകളുടെ പകിട്ടിൽ ഇന്ത്യ



ഹാങ്ചൗ: ഏഷ്യൻ ഗെയിംസിലെ ചരിത്രത്തിലെ ഏറ്റവും മികച്ച പ്രകടനവുമായാണ് ഇന്ത്യ ചൈനീസ് മണ്ണിൽ നിന്നു മടങ്ങുന്നത്. ഇത്തവണ 100നു മുകളിൽ മെഡൽ നേട്ടമെന്ന ദൃഢനിശ്ചയം സഫലമായതിന്റെ നിർവൃതിയിലാണ് ഇന്ത്യൻ സംഘം. 28 സ്വർണം, 38 വെള്ളി, 41 വെങ്കലം മെഡലുകളാണ് ഇന്ത്യ ഹാങ്ചൗവിൽ നേടിയത്. ആകെ മെഡൽ 107. നാലാം സ്ഥാനത്താണ് ഇന്ത്യ ഫിനിഷ് ചെയ്തത്. പോയിന്റെ പട്ടികയിൽ നീണ്ട കാലത്തിനു ശേഷമാണ് ഇത്തരമൊരു നേട്ടവും. 1962ൽ ജക്കാർത്തയിൽ ഇന്ത്യ മൂന്നാം സ്ഥാനം സ്വന്തമാക്കിയിരുന്നു. ഷൂട്ടിങ്, അത്‌ലറ്റിക്സ്, അമ്പെയ്ത്ത് വിഭാഗങ്ങളിലാണ് ഇന്ത്യ ഏറ്റവും കൂടുതൽ സ്വർണം നേടിയത്. ഷൂട്ടിങ്ങിൽ ഏഴ്, അത്‌ലറ്റിക്സിൽ ആറ്, അമ്പെയ്ത്തിൽ അഞ്ച് സ്വർണം മെഡലുകളാണ് ഇന്ത്യ നേടിയത്. സ്ക്വാഷ്, ക്രിക്കറ്റ്, കബഡി പോരാട്ടങ്ങളിൽ രണ്ട് വീതം സ്വർണവും ഇന്ത്യ സ്വന്തമാക്കി. ഇക്വേസ്ട്രിയൻ, ബാഡ്മിന്റൺ വിഭാഗങ്ങളിൽ ചരിത്രത്തിലാദ്യമായി സ്വർണ നേട്ടം സ്വന്തമാക്കാൻ ഇന്ത്യക്ക് സാധിച്ചതും ശ്രദ്ധേയം. ടെന്നീസ്, ഹോക്കി വിഭാഗങ്ങളിലാണ് ശേഷിച്ച സുവർണ നേട്ടങ്ങൾ. ഇന്ത്യയുടെ നാല് താരങ്ങൾ ഒന്നിൽ കൂടുതൽ സ്വർണം സ്വന്തമാക്കി. അതിൽ തന്നെ അമ്പെയ്ത്ത് താരങ്ങളായ ഓജാസ് പർവിൺ, ജ്യോതി സുരേഖ വെന്നം എന്നിവർക്ക് മൂന്ന് സ്വർണ നേട്ടങ്ങൾ. ഷൂട്ടിങ് താരങ്ങളായ ഐശ്വരി പ്രതാപ് സിങ് രണ്ട് സ്വർണമടക്കം നാല് മെഡലുകൾ നേടി. സ്ക്വാഷ് താരം ഹരിന്ദർ പാൽ സിങാണ് രണ്ട് സ്വർണം നേടിയ മറ്റൊരു താരം.



മത്സര ശേഷം രാഹുലുമായി സൗഹൃദ സംഭാഷണം നടത്തുന്ന ഓസ്ട്രേലിയൻ താരം കമ്മിൻസ്











# ഓസ്ട്രേലിയയെ തകർത്ത് ഇന്ത്യ

ചെന്നൈ: മുൻ നിര തകർന്നിട്ടും ഏകദിന ലോകപ്പിൽ ഓസ്ട്രേലിയക്കെതിരെ ത്രസിപ്പിക്കുന്ന ജയം സ്വന്തമാക്കി ഇന്ത്യ. ചെന്നൈ, എം എ ചിദംബരം സ്റ്റേഡിയത്തിൽ ആറ് വിക്കറ്റിന്റെ ജയമാണ് ഇന്ത്യ നേടിയത്.

ടോസ് നേടി ബാറ്റിംഗിനെത്തിയ ഓസീസ് 49.3 ഓവറിൽ 199ന് എല്ലാവരും പുറത്തായിരുന്നു. മൂന്ന് വിക്കറ്റ് നേടിയ രവീന്ദ്ര ജഡേജ, രണ്ട് വിക്കറ്റ് വീതം നേടിയ കുൽദീപ് യാദവ്, ജസ്പ്രിത് ബുമ്ര എന്നിവരാണ് ഓസീസിനെ തകർത്തത്. മറുപടി ബാറ്റിംഗിൽ ഇന്ത്യ 41.2 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. കെ എൽ രാഹുൽ (115 പന്തിൽ പുറത്താവാതെ 97), വിരാട് കോലി (85) എന്നിവരുടെ ഇന്നിംഗ്സാണ് ഇന്ത്യയെ വിജയത്തിലെത്തിച്ചത്.

പരിതാപകരമായിരുന്നു ഇന്ത്യയുടെ തുടക്കം. ആദ്യ മത്സരത്തിൽ ഇന്ത്യ ദയനീയമായി പരാജയപ്പെടുമെന്ന് തന്നെ കരുതി. ആദ്യ രണ്ട് ഓവറിനിടെ ഇന്ത്യക്ക് നഷ്ടമായത് മൂന്ന് വിക്കറ്റുകൾ. ഇഷാൻ കിഷൻ, രോഹിത് ശർമ, ശ്രേയസ് അയ്യർ എന്നിവർ റൺസൊന്നുമെടുക്കാതെ പവലിയനിൽ തിരിച്ചെത്തി. അപ്പോൾ സ്കോർബോർഡിൽ രണ്ട് റൺ മാത്രം.

ജോഷ് ഹേസൽവുഡ് രണ്ടും മിച്ചൽ സ്റ്റാർക്ക് ഒരു വിക്കറ്റും വീഴ്ത്തി. കിഷനെ ആദ്യ ഓവറിൽ തന്നെ സ്റ്റാർക്ക് ഗോൾഡൻ ഡക്കാക്കി. ആറ് പന്തുകൾ നേരിട്ട രോഹിത് ഹേസൽവുഡിന്റെ പന്തിൽ വിക്കറ്റിന് മുന്നിൽ കുടുങ്ങി. അതേ ഓവറിൽ ശ്രേയസിനെ ഡേവിഡ് വാർണറുടെ കൈകളിലെത്തിക്കാനും ഹേസൽവുഡിനായി.

ഇതിനിടെ കോലി 12 റൺസിൽ നിൽക്കെ നൽകിയ സുവർണാവസരം ഓസീസ് താരം മിച്ചൽ മാർഷ് കൈവിടുകയും ചെയ്തു. താരം പുൾ ഷോട്ടിന് ശ്രമിക്കുമ്പോൾ എഡ്ജായ പന്ത് അന്തരീക്ഷത്തിൽ ഉയർന്നു. മാർഷ് ഓടിയെത്തി ക്യാച്ചിന് ശ്രമിച്ചെങ്കിലും കയ്യിലൊതുക്കാനായില്ല. എട്ടാം ഓവറിലെ മൂന്നാം പന്തിലായിരുന്നു അവസരം. അവിടന്നങ്ങോട്ട് ഓസീസിന്റെ പതനവും ആരംഭിച്ചു. പിന്നീട് കോലി - രാഹുൽ സഖ്യം കൂട്ടിചേർത്തത് 165 റൺസ്. ക്യാച്ച് കൈവിട്ടതിന് ഓസീസ് കനത്തവില നൽകേണ്ടിവന്നു. 38-ാം ഓവറിൽ ഇന്ത്യയെ വിജയത്തിനടുത്തെത്തിച്ചാണ് കോലി മടങ്ങുന്നത്. ഹേസൽവുഡിന്റെ പന്തിൽ മർനസ് ലബുഷെയ്ന് ക്യാച്ച്. 116 പന്തുകൾ നേരിട്ട കോലി ആറ് ബൗണ്ടറികൾ നേടിയിരുന്നു. പിന്നീട് രാഹുൽ - ഹാർദിക് പാണ്ഡ്യ (11) സഖ്യം ഇന്ത്യയെ വിജത്തിലേക്ക് നയിച്ചു. രാഹുൽ എട്ട് ഫോറും രണ്ട് സിക്സും നേടി. ഓസീസിന് വേണ്ടി ഹേസൽവുഡ് മൂന്ന് വിക്കറ്റെടുത്തു.

നേരത്തെ, ഓസീസ് നിരയിൽ ഒരാൾ പോലും ഫിഫ്റ്റി നേടിയിരുന്നില്ല. 46 റൺസെടുത്ത സ്റ്റീവൻ സ്മിത്താണ് ടോപ് സ്കോറർ.

# യുഎൽസിസി ശതാബ്ദി ആഘോഷം സംഘാടക സമിതി രൂപീകരണം 15ന്

കോഴിക്കോട്: വടക്കേ മലബാറിൽ ഗുരു വാഗ്ഭടാനന്ദന്റെ നേതൃത്വത്തിൽ നടന്നുവന്ന നവോത്ഥാന മുന്നേറ്റത്തിന്റെ ഭാഗമായി 1925 ഫെബ്രുവരി 13ന് പിറവിയെടുത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ശതാബ്ദി ആഘോഷത്തിന്റെ സംഘാടക സമിതി യോഗം 15ന് ഞായർ വൈകിട്ട് 3 മണിക്ക് മടപ്പള്ളി ജി.വി.എച്ച്.എസ്.എസിൽ നടക്കും. 2024 ഫെബ്രുവരി 13ന് ആരംഭിച്ച് ഒരു വർഷക്കാലമാണ് ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായുള്ള പരിപാടികൾ സംഘടിപ്പിക്കുന്നത്.

സൊസൈറ്റിയുടെ ഭാവി സംബന്ധിച്ച് ദീർഘകാല പരിപ്രേക്ഷ്യം രൂപപ്പെടുത്തിയെടുക്കുന്നതോടൊപ്പം അന്താരാഷ്ട്ര സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനുള്ള ചർച്ചകളും, തീരുമാനങ്ങളും ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഉയർന്നു വരുമെന്ന് പ്രതീക്ഷിക്കുന്നതായി ചെയർമാൻ രമേശൻ പാലേരിയും മാനേജിംഗ് ഡയരക്ടർ ഷാജു എസും പറഞ്ഞു.

ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സഹകരണ സ്ഥാപനമായി മാറിയ യുഎൽസിസി നിർമ്മാണ രംഗത്തോടൊപ്പം ഐടി, ഐടി അടിസ്ഥാന സൗകര്യം, നൈപുണ്യ വികസനം, ടൂറിസം, കരകൗശലം, പാർപ്പിടം, വിദ്യാഭ്യാസം, സാമൂഹികക്ഷേമം, പ്രൊജക്ട് കൺസൾട്ടൻസി, കൃഷി എന്നീ മേഖലകളിലെല്ലാം സജീവ സാന്നിധ്യമാണ്. സംഘത്തിൽ പതിനെട്ടായിരത്തോളം പേർക്ക് തൊഴിലും, അവരുടെ കുടുംബങ്ങൾക്ക് അന്തസുറ്റ ജീവിത നിലവാരവും ഉറപ്പുവരുത്താൻ സൊസൈറ്റിക്കായിട്ടുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെയടക്കം അംഗീകാരം നേടിയ യുഎൽസിസിയുടെ ശതാബ്ദിയാഘോഷം ചരിത്ര സംഭവമാക്കി മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിനുള്ള സംഘാടക സമിതിയുടെ രൂപീകരണം വൻ വിജയമാക്കണമെന്ന് രമേശൻ പാലേരി അഭ്യർത്ഥിച്ചു.



ഗോൾനേട്ടം ആഘോഷിക്കുന്ന മുംബൈ താരങ്ങൾ

# മുംബൈക്ക് മുന്നിൽ വീണ് ബ്ലാസ്റ്റേഴ്സ്

മുംബൈ: ഇന്ത്യൻ സൂപ്പർ ലീഗിൽ മുംബൈയ്ക്ക് മുന്നിൽ വീണ് കേരളത്തിന്റെ കൊമ്പന്മാർ. കളിയിലുടനീളം ആധിപത്യം പുലർത്തിയ മുംബൈ സിറ്റി എഫ്.സി ഒന്നിനെതിരെ രണ്ട് ഗോളിനാണ് ബ്ലാസ്റ്റേഴ്സിനെ തകർത്തത്.

ഗോൾരഹിതമായിരുന്ന ആദ്യ പകുതിക്ക് ശേഷം ലഭിച്ച ഇഞ്ചുറി ടൈമിലാണ് മുംബൈ സിറ്റി ആദ്യ ലീഡ് നേടിയത്. ഇഞ്ചുറി ടൈമിന്റെ നാലാം മിനിറ്റിൽ പെരെയ്റ ഡയസാണ് മഞ്ഞപ്പടയുടെ നെഞ്ചിലേക്ക് ആദ്യ ഗോൾ പായിച്ചത്. തുടർന്ന് പ്രതിരോധവും ഗോളിനായുള്ള പരിശ്രമവും ശക്തമാക്കിയ ബ്ലാസ്റ്റേഴ്സിന്റെ നീക്കങ്ങൾ വിജയിക്കുന്നതാണ് 57ാം മിനിറ്റിൽ കാണാനായത്. ഡാനിഷ് ഫാറൂഖിന്റെ കാലിൽ നിന്ന് പാഞ്ഞ തകർപ്പൻ ഷോട്ട് ആതിഥേയരുടെ വല കുലുക്കി. ഇതോടെ സ്കോർ ബോർഡിൽ സമനില. എന്നാൽ വിട്ടുകൊടുക്കാൻ മുംബൈ തയാറായിരുന്നില്ല. വെറും ഒമ്പത് മിനിറ്റ് മാത്രമായിരുന്നു അടുത്ത തിരിച്ചടിയിലേക്ക് ദൂരം. 66ാം മിനിറ്റിൽ ലാലെങ്മാവിയ റാൾട്ടെ ബ്ലാസ്റ്റേഴ്സ് വല കുലുക്കി.

ഇതിന് മറുപടി നൽകാൻ പിന്നീടുള്ള സമയമത്രയും ബ്ലാസ്റ്റേഴ്സ് താരങ്ങൾ ശ്രമിച്ചെങ്കിലും ഗോൾ കണ്ടെത്താനായില്ല. ഇടയ്ക്ക് ക്വാമി പെപ്ര വല ലക്ഷ്യമാക്കി പന്ത് തൊടുത്തെങ്കിലും ഗോൾപോസ്റ്റിനെ തൊട്ടുരുമ്മിപ്പോവുകയായിരുന്നു. ഒടുവിൽ നിശ്ചിത സമയവും കഴിഞ്ഞ് അധികസമയം അനുവദിച്ചിട്ടും ബ്ലാസ്റ്റേഴ്സിനെ ഭാഗ്യം തുണച്ചില്ല. ഗോളിനായി മഞ്ഞപ്പട 10 ശ്രമങ്ങൾ നടത്തിയപ്പോൾ ഒമ്പതെണ്ണമാണ് മുംബൈ നിരയിൽ നിന്നുണ്ടായത്. 455 പാസുകൾ മുംബൈ സിറ്റിയിൽ നിന്നുണ്ടായപ്പോൾ അതിഥികളുടെ ഭാഗത്തുനിന്നുണ്ടായത് കേവലം 320 എണ്ണം.

അതേസമയം, രണ്ടാം ഘട്ട അധികസമയത്തിന്റെ 13ാം മിനിറ്റിൽ ഇരു ടീമംഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലിനും ഗ്രൗണ്ട് സാക്ഷിയായി. തുടർന്ന് മുംബൈയുടെ യോവെൽ വാൻ നിയെഫിനും ബ്ലാസ്റ്റേഴ്സിന്റെ മിലോസ് ഡ്രിൻകിഞ്ചിനും ചുവപ്പ് കാർഡ് നൽകിയാണ് റഫറി തർക്കം നിയന്ത്രണവിധേയമാക്കിയത്. ഒടുവിൽ 17ാം മിനിറ്റിൽ കളിക്ക് അവസാന വിസിൽ മുഴങ്ങി.

മുംബൈയ്ക്കെതിരായ തോൽവിയോടെ പോയിന്റ് പട്ടികയിൽ കേരളാ ബ്ലാസ്റ്റേഴ്സ് നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. ബെംഗളൂരു എഫ്.സിക്കും ജംഷഡ്പൂരിനും എതിരായ വിജയത്തിന്റെ ആത്മവിശ്വാസത്തിലാണ് ബ്ലാസ്റ്റേഴ്സ് ഇന്ന് ശക്തരായ മുംബൈയ്ക്കെതിരെ ഇറങ്ങിയത്. ആദ്യ കളിയിൽ ബംഗളൂരു എഫ്സിയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് കീഴടക്കിയ ബ്ലാസ്റ്റേഴ്സ് കൊച്ചിയിൽ നടന്ന രണ്ടാമത്തെ മത്സരത്തിൽ നായകൻ അഡ്രിയാൻ ലൂണയുടെ മാന്തിക ഗോളിൽ 1-0 നായിരുന്നു മഞ്ഞപ്പടയുടെ വിജയം.






RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.